*പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE-HSE/2022** **26/09/2022**

# സർക്കുലർ

**വിഷയം:** പ്ലസ്‌വൺ പ്രവേശനം : അൺഎയിഡഡ് ക്വാട്ടകളിൽ ഒഴിവുള്ള സീറ്റുകളിലെ അഡ്‌മിഷൻ – അൺ-എയ്ഡഡ് /റെസിഡെൻഷ്യൽ/ സ്‌പെഷ്യൽ/ടെക്‌നിക്കൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൾമാർക്കുള്ള നിർദ്ദേശങ്ങൾ

**സൂചന :** 1) 2022-23 ലെ പ്രോസ്‌പക്ടസ്

**2)** ഇതേ നമ്പറിൽ 2022 ആഗസ്റ്റ് 12, 29 തീയതികളിലെ സർക്കുലറുകൾ

2022-23 അധ്യയന വർഷത്തെ ഹയർസെക്കണ്ടറി ഒന്നാം വർഷ അൺ-എയ്ഡഡ് ക്വാട്ടകളിലെ പ്രവേശനം 2022 ആഗസ്റ്റ് 16 ന് ആരംഭിച്ച് സെപ്റ്റംബർ 20 ന് വൈകിട്ട് 5 മണിക്ക് അവസാനിക്കുന്ന തരത്തിലാണ് ഷെഡ്യൂൾ ചെയ്തിരുന്നത്. പ്രസ്തുത ഷെഡ്യൂൾ പ്രകാരം അൺ-എയ്ഡഡ് ക്വാട്ടകളിലെ പ്രവേശനം 2022 സെപ്റ്റംബർ 20 ന് വൈകിട്ട് 5 മണിക്ക് അവസാനിപ്പിക്കുകയുണ്ടായി.

ഒഴിവുള്ള അൺ എയിഡഡ് ക്വാട്ട സീറ്റുകളിൽ പ്രവേശനം തേടി അപേക്ഷകർ ഇപ്പോഴും സമീപിക്കുന്നതായി സ്കൂൾ അധികൃതർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അൺ-എയ്ഡഡ് ക്വാട്ടകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് **2022 സെപ്റ്റംബർ 26 മുതൽ 2022 സെപ്റ്റംബർ 30 ന് വൈകിട്ട് 4 മണിവരെ സമയം അനുവദിച്ച് നൽകുന്നു.** ഇത്തരത്തിൽ നടത്തുന്ന അഡ്‌മിഷൻ വിവരങ്ങൾ 2022 സെപ്റ്റംബർ 28 മുതൽ രേഖപ്പെടുത്തേണ്ടതാണ്.

**2022 സെപ്റ്റംബർ 30 ന് വൈകിട്ട് 5 മണി വരെ മാത്രമേ അൺ-എയ്ഡഡ് ക്വാട്ടകളിലെ പ്രവേശന വിവരങ്ങൾ ഡാറ്റ എൻട്രിയും വെരിഫിക്കേഷനും നടത്തുന്നതിനുള്ള ലിങ്കുകൾ ലഭ്യമാകുകയുള്ളൂ. സ്കൂൾ തലത്തിൽ നടത്തപ്പെടുന്ന അൺ-എയ്ഡഡ് ക്വാട്ട പ്രവേശനങ്ങളുടെ ഡാറ്റാ എൻട്രിയ്ക്ക് പുറമേ വെരിഫിക്കേഷനും**

പൂർത്തീകരിച്ചാൽ മാത്രമേ ഒന്നാം വർഷ പരീക്ഷാ നോമിനൽറോളിൽ പ്രസ്തുത ക്വാട്ടകളിലെ വിദ്യാർത്ഥി വിവരങ്ങൾ ഉൾപ്പെടുകയുള്ളു എന്നതിനാൽ ഏകജാലകേതര പ്രവേശന വിവരങ്ങളുടെ എൻട്രിയും വെരിഫിക്കേഷനും നടത്തിയിട്ടുണ്ടെന്ന് എല്ലാ പ്രിൻസിപ്പൽമാരും ഉറപ്പാക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ